പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 857 **14-10-2026-ൽ മറുപടിയ്ക്ക്**

താനൂരിൽ ഫ്ലോട്ടിംഗ് ഹൗസ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. കെ. നവാസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) താനൂർ നിയോജകമണ്ഡലത്തിലെ പൂരപ്പുഴയിൽ ഫ്ലോട്ടിംഗ് ഹൗസ് നിർമ്മിക്കുന്നതിനുള്ള അനുമതിക്ക് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് വിശദമാക്കാമോ;

മറുപടി: 2021-ലെ ഇൻലാൻഡ് വെസ്സൽസ് ആക്ട് (2021 ലെ 24-ാം നമ്പർ കേന്ദ്ര ആക്ട്)-പ്രാബല്യത്തിൽ വന്നതിന് ശേഷം അതിൻപ്രകാരം യന്ത്രവൽകൃതമല്ലാത്ത യാനങ്ങളുടെ രജിസ്ട്രേഷൻ ലൈസൻസ് എന്നിവ നടത്തുന്നതിനായുള്ള ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. ഫ്ലോട്ടിംഗ് ജെട്ടികൾ, ഫ്ലോട്ടിംഗ് കോട്ടേജുകൾ, ഫ്ലോട്ടിംഗ് റസ്റ്റോറന്റുകൾ തുടങ്ങിയവയുടെ സർവേ, രജിസ്ട്രേഷൻ, ലൈസൻസ്, എൻ.ഒ.സി. (NOC) എന്നിവ സംബന്ധിച്ച സമഗ്രമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുന്നതും, നടപ്പിലാക്കുന്നതിനുള്ള വകുപ്പിനെ ചുമതലപ്പെടുത്തുന്നതും സംബന്ധിച്ച് കേരള മാരിടൈം ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(ബി) ഇത്തരത്തിലുള്ള ഫ്ലോട്ടിംഗ് ഹൗസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ;

മറുപടി: വിഴിഞ്ഞം പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ പൂവാറിൽ ഫ്ലോട്ടിംഗ് ഹൗസുകൾ ഉണ്ട്.

(സി) ഫ്ലോട്ടിംഗ് ഹൗസ് സ്ഥാപിക്കുന്നതിന് ഏതെല്ലാം വകുപ്പിന്റെ എൻ.ഒ.സി., ലൈസൻസ് എന്നിവ ആവശ്യമാണ് എന്ന് വ്യക്തമാക്കാമോ;

മറുപടി: ഫ്ലോട്ടിംഗ് ജെട്ടികൾ, ഫ്ലോട്ടിംഗ് കോട്ടേജുകൾ, ഫ്ലോട്ടിംഗ് റസ്റ്റോറന്റുകൾ തുടങ്ങിയവയുടെ സർവേ, രജിസ്ട്രേഷൻ, ലൈസൻസ്, എൻ.ഒ.സി (NOC) എന്നിവ സംബന്ധിച്ച സമഗ്രമായ മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും രൂപീകരിക്കുന്നതും, നടപ്പിലാക്കുന്നതിനുള്ള വകുപ്പിനെ ചുമതലപ്പെടുത്തുന്നതും സംബന്ധിച്ച് കേരള മാരിടൈം ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) താനൂർ നിയോജകമണ്ഡലത്തിൽ ഏതെല്ലാം ജലാശയങ്ങളിലാണ് ടൂറിസം മേഖലയിലെ കയാക്കിംഗ്/പെഡൽ ബോട്ട്, ഹൗസ് ബോട്ട്, പാസഞ്ചേഴ്സ് ബോട്ട് എന്നിവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്നും ഈ മേഖലയിൽ സർവീസ് നടത്തുന്നതിലേക്കായി ലഭിച്ച അപേക്ഷകളുടെയും അതിൽ അനുമതി നൽകിയവയുടെയും വിശദാംശം ലഭ്യമാക്കാമോ?

മറുപടി: ബേപ്പൂർ പോർട്ട് ഓഫ് രജിസ്ട്രിക്കു കീഴിൽ അനുമതി നൽകിയ രണ്ട് സ്പീഡ് ബോട്ടുകൾ (പാസഞ്ചർ) താനൂർ നിയോജക മണ്ഡലത്തിലെ പൂരപ്പുഴ ഭാഗത്ത് ഉപയോഗിക്കുന്നുണ്ട്.

കേരള മാരിടൈം ബോർഡ് അനുമതി നൽകിയ സ്പീഡ് ബോട്ടുകളുടെ വിവരങ്ങൾ:

1. തീരം (KIV/BPR/PV/070/22)

2. തീരം-2 (KIV/BPR/PV/075/22)

പുതുതായി അനുമതിക്കായി ലഭിച്ച സ്പീഡ് ബോട്ട് അപേക്ഷ:

1. തീരം-3 ((KIV/BPR/PV/109/24)

കയാക്കിങ്/പെഡൽ ബോട്ട് സർവീസ് നടത്തുന്നതിനായി ഇറിഗേഷൻ മലപ്പുറം ഡിവിഷന് കീഴിൽ ലഭിച്ച അപേക്ഷകൾ

1. താനൂർ നിയോജക മണ്ഡലത്തിൽ ഉണ്യാൽ ബീച്ചിനോടു ചേർന്നുള്ള അഴീക്കൽ- കയാക്കിങ്/ പെഡൽ ബോട്ട് സർവീസ് നടത്തുന്നതിനുള്ള അപേക്ഷ

2.കടലുണ്ടിപ്പുഴയുടെ കൈവഴികളായ തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെടുന്ന കീരനല്ലൂർ പുഴയുടെ പാലത്തിങ്ങൽ മുതൽ ന്യൂകട്ട് കനാൽ വരെയുള്ള ഭാഗവും, ന്യൂ കട്ട് കനാലും താനൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന ന്യൂകട്ട് റെഗുലേറ്റർ മുതൽ തൂവൽ തീരം വരെയുള്ള പുഴയുടെ ഭാഗവും ഉൾക്കൊള്ളിച്ച് കയാക്കിംഗ് നടത്തുന്നതിനുള്ള അപേക്ഷ.

സെക്ഷൻ ഓഫീസർ